**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **11-09-2023 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അസംഘടിത മേഖലയിലെ തൊഴിലാളികളെ ശാക്തീകരിക്കുന്നതിനായി വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് ഒറ്റ പദ്ധതിയായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം എന്ന ഒറ്റ പദ്ധതിയാക്കി നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കേരള ആർട്ടിസാൻസ് ക്ഷേമനിധി സ്കീം 2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള പാചക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള ബാർബർ & ബ്യൂട്ടീഷ്യൻ തൊഴിലാളി നിധി സ്കീം 2004, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി സ്കീം 2004 എന്നിവ ഏകോപിപ്പിച്ചുകൊണ്ട് 02/02/2016-ലെ സ.ഉ(അച്ചടി) നം.24/2016/ തൊഴിൽ പ്രകാരം അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | അസംഘടിതരായ ദിവസവേതന തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനായി പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം നൽകാമോ; | (ബി) | അസംഘടിതരായ ദിവസവേതന തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ, കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വം നേടുന്ന അർഹരായവർക്ക് പദ്ധതി വിഭാവനം ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളും അർഹതയ്ക്കനുസരിച്ച് പദ്ധതി വ്യവസ്ഥയ്ക്ക് വിധേയമായി നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധിയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ 2,000/- രൂപ ധനസഹായം നൽകി വരുന്നു. കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി വഴി അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്ക് പ്രതിമാസം 1,600രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നു. സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതി വഴി നിലവിൽ ബോർഡ് വിഹിതം ഉൾപ്പെടെ 15,000 രൂപ വീതം ഒരോ സ്ത്രീ തൊഴിലാളികൾക്കും പ്രസവാനുകൂല്യമായി ലഭ്യമാക്കുന്നു.<br><br>2023-24 വർഷ ബഡ്ജറ്റിൽ അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 800.00 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധിയ്ക്കായും 270 ലക്ഷം രൂപ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിക്കായും 5 കോടി രൂപ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതിക്കായുമാണ് വകയിരുത്തിയിട്ടുള്ളത്. 07/07/2023 തീയതിയിലെ സ.ഉ.(സാധാ) നം.842/2023/തൊഴിൽ പ്രകാരം മേൽ തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ? | (സി) | കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിന് കീഴിൽ അംഗത്വം നിലനിർത്തുന്ന കാലയളവിൽ തൊഴിലാളികൾക്ക് ചികിത്സാ ആനുകൂല്യം, പ്രസവാനുകൂല്യം, വിരമിക്കൽ ആനുകൂല്യം, വിവാഹ സഹായം, ശവസംസ്കാര ആനുകൂല്യം, ജോലി സംബന്ധമായ മരണസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തരാനുകൂല്യം എന്നിവയും 60 വയസ്സ് പൂർത്തിയായി പദ്ധതിയിൽ നിന്ന് വിരമിക്കുന്നവർക്ക് വാർദ്ധക്യകാല ക്ഷേമം ഉറപ്പുവരുത്തുന്നതിന് സർക്കാർ അതത്കാലങ്ങളിൽ നിശ്ചയിക്കുന്ന ക്ഷേമപെൻഷൻ എന്നിവയും അനുവദിച്ചുവരുന്നു. പ്രസ്തുത ബോർഡ് വഴി നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡു വഴി നൽകുന്ന ആനുകൂല്യങ്ങൾ**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം നിലനിർത്തിയശേഷം 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നവർക്ക് അവർ പദ്ധതിയിൽ അംശദായമായി ഒടുക്കിയ തുക മൊത്തമായും 5% പലിശയും ഉൾപ്പെടെ റിട്ടയർമെന്റാനുകൂല്യം അനുവദിക്കുന്നുണ്ട്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവധനസഹായമായി 15,000/- രൂപ വരെ നൽകുന്നുണ്ട് (രണ്ട് പ്രാവശ്യം മാത്രം). അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിത അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് സഹായമായി 10,000/-രൂപ നൽകുന്നുണ്ട് (2 തവണ). പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റിട്ടയർമെന്റ് പെൻഷൻ നൽകുന്നുണ്ട്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടം മൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ന് മുകളിലാണെങ്കിൽ, അവശതാ പെൻഷനായി പ്രതിമാസം 1,600/- രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നുണ്ട്. സെക്കന്ററി തലം മുതൽ വിവിധ കോഴ്സുകൾക്ക് അംഗീകൃത സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുന്ന പദ്ധതി അംഗങ്ങളുടെ മക്കൾക്ക്, കോഴ്സിന് അനുസൃതമായി 1000/-രൂപ മുതൽ 3000/-രൂപ വരെയും എസ്.എസ്.എൽ.സി-യ്ക്ക് എല്ലാ വിഷയത്തിനും എ+ നേടുന്ന പദ്ധതി അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡായി 1250/- രൂപയും വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകി വരുന്നു. കൂടാതെ എൽ.കെ.ജി/ ഒന്നാം ക്ലാസ്-ൽ, പുതുതായി അഡ്മിഷൻ നേടുന്ന പദ്ധതി അംഗങ്ങളുടെ മക്കൾക്ക് പഠനോപകരണം വാങ്ങുന്നതിനുള്ള ധനസഹായമായി 500/- രൂപ വീതം അനുവദിച്ച് വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സാ ആനുകൂല്യത്തിന് ഈ പദ്ധതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1,000/- രൂപയും മരണാനന്തര ആനുകൂല്യമായി പദ്ധതി വിഭാവനം ചെയ്തിട്ടുള്ള 10,000/- രൂപയും ഉൾപ്പെടെ 11,000/- രൂപയും അംഗം പദ്ധതിയിൽ അംശദായമായി അടച്ചതുകയും നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടക്കത്തക്ക വിധത്തിൽ പലിശരഹിതവായ്പയും അനുവദിച്ച വരുന്നു.

Umadevi

Section Officer.